✎ ടി.കെ ഉബൈദ്



ഖുർആൻ ബോധനം

1071

# സൂറ – 35 / ഫാത്വിർ

## സൂക്തം: 09 – 10

സ്വന്തം പ്രതാപവും പ്രൗഢിയും സംരക്ഷിക്കാൻ ദൈവിക ദീനിനെ തള്ളിക്കളയുകയും ദൈവദൂതനെ പരാജയപ്പെടുത്താൻ പലതരം നീച തന്ത്രങ്ങൾ പ്രയോഗിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവർ മനസ്സിലാക്കുക; ഇത്തരം കുചേഷ്ഠിതങ്ങൾ കൊണ്ട് പ്രതാപം സംരക്ഷിക്കാമെന്നത് വെറും വ്യാമോഹമാണ്. അതുവഴി പ്രൗഢിയും പ്രതാപവും വർധിപ്പിക്കുകയല്ല, മറിച്ച് കൊടൂരമായി ശിക്ഷിക്കപ്പെടാൻ കാരണമുണ്ടാക്കുകയാണ് നിങ്ങൾ ചെയ്യുന്നത്.

وَٱللَّهُ ٱلَّذِىٓ أَرْسَلَ ٱلرِّيَٰحَ فَتُثِيرُ سَحَابًا فَسُقْنَٰهُ إِلَىٰ بَلَدٍ مَّيِّتٍ
فَأَحْيَيْنَا بِهِ ٱلْأَرْضَ بَعْدَ مَوْتِهَا ۚ كَذَٰلِكَ ٱلنُّشُورُ ﴿٩﴾

9. കാറ്റുകളെ ചലിപ്പിച്ചത് അല്ലാഹുവാകുന്നു. അതു മേഘങ്ങളെ ഇളക്കിമറിക്കുന്നു. നാം അതിനെ ഒരു നിർജീവ നാട്ടിലേക്കയക്കുന്നു. മരിച്ചുകിടന്ന ആ ഭൂമിയെ നാം അതുവഴി സജീവമാക്കുന്നു. മരിച്ച മനുഷ്യരെ ഉയിർത്തെഴുന്നേൽപിക്കുന്നതും ഇപ്രകാരം തന്നെ.

**09**

وَٱللَّهُ ٱلَّذِىٓ أَرْسَلَ ٱلرِّيَٰحَ = കാറ്റുകളെ അയ(ചലിപ്പി)ച്ചത് അല്ലാഹുവാകുന്നു

فَتُثِيرُ = അപ്പോൾ അത് ഇളക്കിമറിക്കുന്നു സَحَابًا = മേഘങ്ങളെ فَسُقْنَٰهُ = അപ്പോൾ നാം അതിനെ നയി(ക്കുന്നു)ച്ചു

إِلَىٰ بَلَدٍ مَّيِّتٍ = ഒരു നിർജീവ നാട്ടിലേക്ക് فَأَحْيَيْنَا بِهِ = നാം അതുവഴി സജീവമാ(ക്കുന്ന)ക്കി

ٱلْأَرْضَ = ആ ഭൂമിയെ بَعْدَ مَوْتِهَا = അതിന്റെ മരണത്തിനുശേഷം (മരിച്ചുകിടന്ന)

كَذَٰلِكَ = ഇപ്രകാരം (തന്നെ) ٱلنُّشُورُ = (മരിച്ച മനുഷ്യരെ) ഉയിർത്തെഴുന്നേൽപിക്കുന്നതും

അഞ്ചാം സൂക്തത്തിൽ പ്രസ്താവിച്ച, മനുഷ്യരെല്ലാം ഉയിർത്തെഴുന്നേൽപിക്കപ്പെടുകയും രക്ഷാശിക്ഷകൾക്ക് വിധേയരാവുകയും ചെയ്യുമെന്ന അല്ലാഹുവിന്റെ വാഗ്ദാനം തികച്ചും പുലരുന്നതു തന്നെയാണെന്നതിന് ഒരു ഭൗതിക ദൃഷ്ടാന്തം ചൂണ്ടിക്കാണിക്കുകയാണ്. മഴ മൂലം ഭൂമി സജീവമാകുന്നത് മനുഷ്യരെല്ലാം സാധാരണ കണ്ടുകൊണ്ടിരിക്കുന്നതാണല്ലോ. ജീവന്റെ യാതൊരു ലക്ഷണവുമില്ലാതെ വരണ്ടുണങ്ങി ഊഷരമായി കിടക്കുന്ന ഭൂമി. അങ്ങനെ നാളുകൾ പിന്നിട്ടശേഷം അതിൽ മഴപെയ്യുന്നു. അതോടെ പലതരം സസ്യങ്ങൾ മുളച്ചുപൊന്തുന്നു. ദിവസങ്ങൾക്കകം ആ സ്ഥലം ഹരിതാഭവും സസ്യനിബിഡവുമാകുന്നു. ഒരു മഴമതി, മണ്ണിൽ മരിച്ചുകിടന്ന ബീജങ്ങൾ സസ്യങ്ങളായി പുനർജനിക്കാൻ. ഇതേപ്രകാരം തന്നെയാണ് മരിച്ച മനുഷ്യന്റെ ഉയിർത്തെഴുന്നേൽപും. സസ്യങ്ങളുടെ ഉയിർത്തെഴുന്നേൽപിന് അല്ലാഹു ഏർപ്പെടുത്തിയ സംവിധാനമാണ് വിത്തും വെള്ളവും മണ്ണും മറ്റു ഭൗതിക ഘടകങ്ങളും തമ്മിലുള്ള പാരസ്പര്യം. അത

നുസരിച്ച് ഒരു സീസണിൽ മരിച്ചു മണ്ണടിഞ്ഞ സസ്യങ്ങൾ അടുത്ത മറ്റൊരു സീസണിൽ ഉയിർത്തെഴുന്നേൽക്കുന്നു. ഉയിർത്തെഴുന്നേൽപ് ഒരു അസംഭവ്യകാര്യമല്ലെന്നും മറിച്ച് തികച്ചും സംഭവ്യമായ പ്രാപഞ്ചിക പ്രതിഭാസമാണെന്നും അസന്ദിഗ്ധമായി സാക്ഷ്യപ്പെടുത്തുന്ന ദൃഷ്ടാന്തമാണിത്. പക്ഷേ മനുഷ്യന്റെ ഉയിർത്തെഴുന്നേൽപിനെക്കുറിച്ച് പറയുമ്പോൾ പലരും നിഷേധിക്കുകയും അസംഭവ്യമെന്ന് വാദിക്കുകയും ചെയ്യുന്നു.

സസ്യങ്ങൾക്ക് കർമവിചാരണയും രക്ഷാശിക്ഷകളുമില്ല. അവ ഉയിർത്തെഴുന്നേൽപിക്കപ്പെടുന്നത് ഭൂമിയെ ഹരിതാഭമാക്കാനും അതിനെ ആശ്രയിക്കുന്ന ജന്തുജാലങ്ങളുടെ നിലനിൽപ് സുഗമമാക്കുന്നതിനും വേണ്ടിയാണ്. അതുകൊണ്ട് അവയുടെ ഉയിർത്തെഴുന്നേൽപ് ജൈവഭൂമി നിലനിൽക്കുന്നേടത്തോളം കാലം തുടർന്നുകൊണ്ടിരിക്കണം. മനുഷ്യൻ ഉയിർത്തെഴുന്നേൽക്കുന്നത് കർമവിചാരണ നേരിടുന്നതിനും രക്ഷാശിക്ഷകൾ വിധിക്കപ്പെടുന്നതിനും സമ്പൂർണ നീതി സാക്ഷാത്കരിക്കപ്പെടുന്നതിനുമാണ്. ഒരു മനുഷ്യന്റെ കർമം അയാളുടെ മരണത്തോടെ അവസാനിക്കുന്നില്ല. പിൻതലമുറകളെയും പരേതന്റെ കർമത്തിന്റെ ഗുണദോഷങ്ങൾ സ്വാധീനിക്കുന്നു. ശേഷക്കാരുടെ ജീവിതം കൂടി പൂർണമാകുമ്പോഴേ ഒരാളുടെ കർമജീവിതം അവസാനിക്കൂ. ഓരോ വ്യക്തിയുടെയും കർമവിചാരണ എല്ലാ വ്യക്തികളുടെയും കർമ ജീവിതം അവസാനിച്ച ശേഷമേ പൂർത്തിയാകൂ. അതുകൊണ്ട് ലോകത്തു ജനിച്ചു മരിച്ച സകലമാന മനുഷ്യരുടെയും ഉയിർത്തെഴുന്നേൽപ് ഒരൊറ്റ നേരത്തായിരിക്കും. സസ്യങ്ങളുടെയും മനുഷ്യന്റെയും ഉയിർത്തെഴുന്നേൽപുകൾ തമ്മിലുള്ള വ്യത്യാസം ഇതാണ്. വാസ്തവത്തിൽ ഖുർആൻ പഠിപ്പിക്കുന്ന എല്ലാ യാഥാർഥ്യങ്ങളുടെയും സുവ്യക്തമായ ദൃഷ്ടാന്തങ്ങൾ ഈ ഭൗതിക പ്രപഞ്ചത്തിൽ വേണ്ടുവോളമുണ്ട്. മുൻവിധികൾ മാറ്റിവെച്ച് ഉൾക്കണ്ണ് തുറന്നു നോക്കുന്നവർക്കേ അതു കണ്ടെത്താൻ കഴിയൂ. ഈ സൂക്തം പറയുന്ന കാര്യം ഏതാണ്ടിതേ വിധം തന്നെ *അഅ്റാഫ്* 57-ാം സൂക്തവും പ്രസ്താവിച്ചിട്ടുണ്ട്. കൂടുതൽ വിശദീകരണം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തത്തിനു താഴെ കാണുക.

ഈ സൂക്തത്തിൽ വായുവിന്റെ ചലനത്തെ أَرْسَلَ ٱلرِّيَٰحَ എന്ന് ഭൂതകാലക്രിയയായി പറഞ്ഞത് വായു അതിന്റെ സൃഷ്ടി മുതലേ ചലനാത്മകമാണെന്നു സൂചിപ്പിക്കുന്നതായി ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. അതിനോട് ചലനാത്മകമായിരിക്കാൻ കൽപിച്ചത് അല്ലാഹുവാകുന്നു. ٱلرِّيَاح-കാറ്റുകൾ- എന്ന ബഹുവചന പ്രയോഗം മന്ദമാരുതൻ, സാധാരണ കാറ്റ്, കുളിർക്കാറ്റ്, ചുടുകാറ്റ്, കൊടുങ്കാറ്റ്, ചുഴലിക്കാറ്റ് എന്നിങ്ങനെ കാറ്റുകൾ പലയിനമുള്ളതിനെ സൂചിപ്പിക്കുന്നു. എല്ലാ കാറ്റുകളും ചലിച്ചുകൊണ്ടിരിക്കുകയാണ്. വായു നിശ്ചലമാണെങ്കിൽ ഓക്സിജൻ സ്വീകരിക്കാനും കാർബൺ പുറം തള്ളാനും മനുഷ്യന് കഴിയില്ല. ശ്വാസോഛ്വാസം അസാധ്യമാകും. കപ്പൽ സഞ്ചാരത്തിൽ വായു ചലനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് 42:33-ൽ പറയുന്നു: إِن يَشَأْ يُسْكِنِ ٱلرِّيحَ فَيَظْلَلْنَ رَوَاكِدَ عَلَىٰ ظَهْرِهِۦٓ (അല്ലാഹുവിന് വേണമെങ്കിൽ കാറ്റിനെ നിശ്ചലമാക്കാം. അപ്പോൾ കപ്പലുകൾ സമുദ്രത്തിന്റെ മുകൾപരപ്പിൽ അനക്കമറ്റു നിന്നുപോകും). ثور (ഇളക്കി മറിക്കുക)-ൽനിന്നുള്ള വർത്തമാന ക്രിയാരൂപമാണ് تُثِيرُ. മണ്ണ് ഇളക്കിമറിക്കുക എന്ന ആശയത്തെ ആസ്പദമാക്കി ഭൂമി ഉഴുന്നതിന് اثار الأرض എന്നു പറയും. ഉഴവുകാളയും ثور ആണ്. ثورة പ്രക്ഷോഭവും വിപ്ലവവുമാണ്. മഴമേഘങ്ങളെ ഇളക്കിമറിച്ച് കൂട്ടിച്ചേർത്തു ഘനീഭവിപ്പിച്ച് മഴ പെയ്യിക്കുന്നതിന്റെ ചിത്രീകരണമാണ് فَتُثِيرُ سَحَابًا മേഘങ്ങളുടെ ഇളകിമറിയലും വർഷപാതവും എപ്പോഴും സംഭവിച്ചുകൊണ്ടിരിക്കുന്നില്ല. എല്ലാ കാറ്റുകളോടും മേഘങ്ങളെ ഇളക്കിമറിച്ച് മഴപെയ്യിക്കാൻ കൽപിക്കുന്നുമില്ല. അതു സംഭവിക്കണമെന്ന് അല്ലാഹു അപ്പപ്പോൾ കൽപിക്കുകയാണ്. അതുകൊണ്ടാണതിനെ വർത്തമാനക്രിയയായി പറഞ്ഞത്. തരിശുനിലങ്ങളിലേക്കുള്ള മേഘങ്ങളുടെ പ്രയാണത്തിന്റെയും അതുവഴി ഭൂമി ഹരിതാഭമാക്കുന്നതിന്റെയും കർതൃത്വം അല്ലാഹുവിലേക്ക് നേരിട്ടു ചേർത്തുകൊണ്ട് سُقْنَٰهُ - احيينا എന്ന് ഉത്തമ പുരുഷ വചനത്തിൽ പറഞ്ഞത് ആ രണ്ടു പ്രതിഭാസങ്ങളും അല്ലാഹുവിന്റെ സവിശേഷമായ അനുഗ്രഹങ്ങളാണെന്നു ധ്വനിപ്പിക്കുന്നു.

ഭൗതികന്മാർ വാദിക്കുന്നു: ചില പ്രദേശങ്ങളിൽ വായുമർദത്തിലുണ്ടാകുന്ന വ്യതിയാനം മൂലം കാറ്റുണ്ടാകുന്നു. കാറ്റിൽ ഇളകി നീങ്ങുന്ന മഴമേഘങ്ങൾ കുമിഞ്ഞുകൂടി മഴ പെയ്യുന്നു. ആ വെള്ളം മണ്ണിലേക്കിറങ്ങി മണ്ണിലെ ജൈവഘടകങ്ങളുമൊത്തു പ്രവർത്തിക്കുമ്പോൾ അതിലെ സസ്യബീജങ്ങൾ മുളക്കുന്നു. അങ്ങനെ ഭൂമി സസ്യശ്യാമളമാകുന്നു. ഇതൊക്കെയും ഭൗതികമായ കാര്യകാരണ നിയമപ്രകാരം നടക്കുന്നതാണ്. ദൈവത്തിന് അതിൽ ഒരു പങ്കുമില്ല. ആ കാര്യകാരണ വ്യവസ്ഥയെ പൂർണമായി ശരിവെച്ചുകൊണ്ട്, ആ വ്യവസ്ഥയുടെ വിധാതാവ് അല്ലാഹുവാണെന്ന് ഉദ്ബോധിപ്പിക്കുകയാണ് ഖുർആൻ. കാര്യകാരണ വ്യവസ്ഥയുടെ തന്നെ അനിവാര്യതയാണ് ആദികാരണം. ഭൗതികമായ കാര്യകാരണ വ്യവസ്ഥ യഥാർഥത്തിൽ സാക്ഷ്യപ്പെടുത്തുന്നത് ദൈവനിഷേധത്തെയല്ല; പ്രത്യുത ദൈവാസ്തിക്യത്തെയും അവന്റെ സൃഷ്ടിവൈഭവത്തെയും സൃഷ്ടികളോടുള്ള അളവറ്റ കാരുണ്യത്തെയുമാണ്. ●

---

مَن كَانَ يُرِيدُ ٱلْعِزَّةَ فَلِلَّهِ ٱلْعِزَّةُ جَمِيعًا ۚ إِلَيْهِ يَصْعَدُ ٱلْكَلِمُ ٱلطَّيِّبُ وَٱلْعَمَلُ ٱلصَّٰلِحُ يَرْفَعُهُۥ ۚ وَٱلَّذِينَ يَمْكُرُونَ ٱلسَّيِّـَٔاتِ لَهُمْ عَذَابٌ شَدِيدٌ ۖ وَمَكْرُ أُو۟لَٰٓئِكَ هُوَ يَبُورُ ﴿١٠﴾

10. വല്ലവരും പ്രതാപം ആഗ്രഹിക്കുന്നുവെങ്കിൽ അറിഞ്ഞിരിക്കട്ടെ, പ്രതാപമഖിലം അല്ലാഹുവിനുള്ളതാകുന്നു. വിശിഷ്ടാഖ്യാനങ്ങൾ അവങ്കലേക്ക് ആരോഹണം ചെയ്യുന്നു. സൽക്കർമം അതിനെ മേലോട്ടുയർത്തുന്നു. നീചമായ തന്ത്രങ്ങൾ പ്രയോഗിച്ചുകൊണ്ടിരിക്കുന്നവർക്കുള്ളത് കൊടൂരമായ ശിക്ഷയാകുന്നു. അക്കൂട്ടരുടെ തന്ത്രം തീർച്ചയായും നശിക്കുന്നതു തന്നെ.

**10**

مَن كَانَ يُرِيدُ ٱلْعِزَّةَ= വല്ലവരും പ്രതാപം ആഗ്രഹിക്കുന്നുവെങ്കിൽ (അറിഞ്ഞിരിക്കട്ടെ)

فَلِلَّهِ = അല്ലാഹുവിനുള്ളതാകുന്നു ٱلْعِزَّةُ جَمِيعًا= പ്രതാപമഖിലം

إِلَيْهِ يَصْعَدُ= അവങ്കലേക്ക് ആരോഹണം ചെയ്യുന്നു ٱلْكَلِمُ ٱلطَّيِّبُ= വിശിഷ്ടാഖ്യാനങ്ങൾ, സദ്വചനങ്ങൾ

وَٱلْعَمَلُ ٱلصَّٰلِحُ= സൽക്കർമം يَرْفَعُهُۥ = അതിനെ (മേലോട്ട്) ഉയർത്തുന്നു

وَٱلَّذِينَ يَمْكُرُونَ ٱلسَّيِّـَٔاتِ= നീചമായ തന്ത്രങ്ങൾ പ്രയോഗിച്ചുകൊണ്ടിരിക്കുന്നവർ

لَهُمْ= അവർക്കുണ്ട് (ഉള്ളത്) عَذَابٌ شَدِيدٌ= കൊടൂരമായ ശിക്ഷ(യാകുന്നു)

وَمَكْرُ أُو۟لَٰٓئِكَ = അക്കൂട്ടരുടെ തന്ത്രം = هُوَ يَبُورُ = നശിക്കുക തന്നെ ചെയ്യും (നശിക്കുന്നതു തന്നെ)

അധികാരം, ആദരം, ഔന്നത്യം, ശക്തി, സമ്പത്ത് തുടങ്ങിയ ഗുണങ്ങളിലുള്ള അജയ്യതയാണ് عِزّة . പ്രതാപവും പ്രൗഢിയും, അതുണ്ടെന്ന അഭിമാനവും عِزّة-ൽ പെടുന്നു. عزة-ന്റെ കർതൃവചനമായ عزيز-ന് പല അർഥങ്ങളുണ്ട്. ഉന്നതനും പ്രഭുവും പ്രിയപ്പെട്ടവനുമൊക്കെയാണ് സാമാന്യ ഭാഷയിൽ عزيز. അപൂർവമായത്, വിഷമകരമായത് എന്നും عزيز -ന് അർഥമുണ്ട്. അല്ലാഹുവിന്റെ വിശിഷ്ട നാമങ്ങളിലൊന്നു മാണിത്. മഹിത ഗുണങ്ങളിൽ ആരാലും അതിജയിക്കപ്പെടാത്തവൻ എന്ന ആശയത്തെയാണ് ദൈവനാമമാകുമ്പോൾ عزيز പ്രതിനിധീകരിക്കുന്നത്. എല്ലാ മഹിത ഗുണങ്ങളിലും അധൃഷ്യതയുള്ളവൻ അല്ലാഹു മാത്രമാകുന്നു. അതുകൊണ്ടാണ് പ്രതാപമൊക്കെയും -ٱلْعِزَّةُ جَمِيعًا- അല്ലാഹുവിനാകുന്നു എന്നു പറഞ്ഞത്. അവന്റെ عزة-ന് കീഴിലുള്ള പരിമിതവും സോപാധികവുമായ عزة മാത്രമേ സൃഷ്ടികൾക്കുണ്ടാകൂ. ശക്തി, സമ്പത്ത്, അധികാരം തുടങ്ങിയ ഗുണങ്ങളിൽ ഏതെങ്കിലുമൊന്നിൽ മറ്റുള്ളവരേക്കാൾ മുന്തിനിൽക്കുന്ന മനുഷ്യരെയാണ് മനുഷ്യർ عزيز എന്നു വിശേഷിപ്പിക്കാറുള്ളത്. ഈ മേൽക്കൈ ഉണ്ടെന്ന ബോധവും ഭാവവുമാണ് അഭിമാനം. അതിലൊക്കെ പിന്നാക്കമായവരും ചിലപ്പോൾ മുന്നിലാണെന്ന് ഭാവിച്ചു നടക്കും. അത് മിഥ്യാഭിമാനവും ദുരഭിമാനവുമാണ്.

كلمة (വാക്ക്)-ന്റെ ബഹുവചനമാണ് كلم. പ്രഭാഷണം, അനുശാസനം, ഉത്തരവ്, തത്ത്വവചനം തുടങ്ങിയ പ്രയോഗാർഥങ്ങളുമുണ്ട്. പ്രസംഗമവതരിപ്പിക്കുന്നതിന് القى كلمة എന്നു പറയും. الكلمات العشر പത്തു കൽപനകളാണ്. 14:24-ൽ ഇസ്‌ലാമിക ദർശനത്തെ മൊത്തത്തിൽ كلمة طيّبة എന്നു വിശേഷിപ്പിച്ചിരിക്കുന്നു. അതു തന്നെയാണ് ഇവിടെ പറയുന്ന ٱلْكَلِمُ ٱلطَّيِّبُ. ചില വ്യാഖ്യാതാക്കൾ അതിന്റെ വിവക്ഷയെ لا اله الاالله وسبحان الله والحمد لله ولا قوّة الا بالله പോലുള്ള ചില ദിക്റുകളായി നിർണയിച്ചിരിക്കുന്നു. ٱلْكَلِمُ ٱلطَّيِّبُ കലിമതുത്തൗഹാദ് ആണെന്ന് ഇബ്നു അബ്ബാസ് പ്രസ്താവിച്ചതായി നിവേദനമുണ്ട്. തുടർന്ന് ٱلْعَمَلُ ٱلصَّٰلِحُ പരാമർശിക്കപ്പെടുന്നത് ഈ അഭിപ്രായത്തെ ബലപ്പെടുത്തുന്നു. ഖുർആൻ ഈമാൻ പരാമർശിക്കുമ്പോഴൊക്കെ സൽക്കർമങ്ങളും പരാമർശിക്കുക പതിവാണല്ലോ. ദീനീ തത്ത്വശാസ്ത്രത്തിന്റെ കോണിലൂടെ വീക്ഷിക്കുമ്പോൾ എല്ലാ ദീനീ തത്ത്വങ്ങളുടെയും പ്രയോഗങ്ങളുടെയും അടിവേരാണ് കലിമതുത്തൗഹീദ്. ദീനീജ്ഞാന ഖജനാവിന്റെ താക്കോലുമാണത്. എങ്കിലും ഇവിടെ ബഹുവചനത്തിൽ പറഞ്ഞ -ٱلْكَلِمُ ٱلطَّيِّبُ- വിശിഷ്ടാഖ്യാനങ്ങളെ ഏതെങ്കിലും ദിക്റിൽ എന്നപോലെ കലിമതു ത്തൗഹീദിലും പരിമിതപ്പെടുത്തേണ്ടതില്ലെന്നാണ് പല പണ്ഡിതന്മാരുടെയും നിലപാട്. മനുഷ്യനെ നന്മയിലേക്കു നയിക്കുന്ന എല്ലാ വിശ്വാസപ്രമാണങ്ങളെയും ആദർശങ്ങളെയും പ്രത്യയശാസ്ത്രങ്ങളെയും ഉൾക്കൊള്ളുന്നതാണ് യഥാർഥ ٱلْكَلِمُ ٱلطَّيِّبُ. സത്യപ്രമാണങ്ങൾ, ഉത്തമ ദർശനങ്ങൾ എന്നും അതിനെ തർജമ ചെയ്യാവുന്നതാണ്.

തന്ത്രവും കൗശലവും സൂത്രവുമൊക്കെയാണ് مكر. തന്ത്രത്തിന് ബാഹ്യദൃഷ്ടിയിൽ പെടാത്ത ലക്ഷ്യവും പ്രയോഗ രീതിയും ഉണ്ടായിരിക്കും. അത് പലപ്പോഴും മറ്റുള്ളവരെ വഞ്ചിക്കുന്നതും കബളിപ്പിക്കുന്നതുമായിരിക്കും. അതിനാൽ 'മക്റ്' വഞ്ചനയുടെ -خيانة-യും കുതന്ത്രത്തിന്റെയും പര്യായമായും ഉപയോഗിക്കുന്നു. مَكْر-ന്റെ ക്രിയാരൂപമാണ് مَكَرَ. അതിന്റെ വർത്തമാനകാല ബഹുവചനമാണ് يمكرون . കൗശലപൂർവം തിന്മകൾ ചെയ്യുന്നവരും നന്മകളെന്ന വ്യാജേന തിന്മകൾ ചെയ്യുന്നവരും തിന്മകളുണ്ടാക്കാൻ ഗൂഢാലോചന നടത്തുന്നവരുമെല്ലാം ٱلَّذِينَ يَمْكُرُونَ ٱلسَّيِّـَٔاتِ-ൽ പെടുന്നു. يَمْكُرُونَ ٱلسَّيِّـَٔاتِ -ലെ 'സയ്യിആത്തി'നെ يَمْكُرُونَ-യുടെ കർമമായി പരിഗണിച്ചാൽ 'തിന്മകളെ കബളിപ്പിക്കുന്നവർ' എന്നാകും അർഥം. ഉദ്ദേശ്യം അതല്ലെന്ന് വ്യക്തമാണ്. അതുകൊണ്ട് ഭാഷാ പണ്ഡിതന്മാർ അതിനെ വ്യാഖ്യാനിക്കുന്നത് ٱلَّذِينَ يَمْكُرُونَ مكرات ٱلسَّيِّـَٔاتِ - 'ദുഷ്ടമായ തന്ത്രങ്ങൾ പ്രയോഗിക്കുന്നവർ' എന്നാണ്.

بوار-ൽ നിന്നുള്ള വർത്തമാന ക്രിയാരൂപമാണ് يَبُورُ. ലാഭം കിട്ടാതിരിക്കുന്നതോടൊപ്പം മൂലധനവും നഷ്ടപ്പെടുകയാണ് ഭാഷാർഥത്തിൽ بوار. വികസനമാഗ്രഹിച്ച് അധർമവും അക്രമവും ചെയ്തതിനാൽ നശിക്കുന്ന ജനതയെ قوم بور എന്നു പറയും.

ഈ സൂക്തം മൂന്നു സംഗതികൾ വെളിപ്പെടുത്തുകയാണ്:

1) ആളുകൾ ഇസ്‌ലാമിനെ നിരാകരിക്കുന്നതിന്റെ മുഖ്യ കാരണങ്ങളിലൊന്ന് പ്രതാപത്തെയും അഭിമാനത്തെയും സംബന്ധിച്ച് പുലർത്തുന്ന മിഥ്യാധാരണയാണ്. തലമുറകളായി പിന്തുടർന്നുവരുന്ന വിശ്വാസങ്ങളും ആചാരങ്ങളുമാണ് യശസ്സിന്റെയും പ്രതാപത്തിന്റെയും അടിത്തറയെന്ന് അവർ കരുതുന്നു. തെറ്റായാലും ശരിയായാലും അതുതന്നെ തുടരുന്നതാണ് അന്തസ്സും അഭിമാനവും. അനേകം തലമുറകൾ പുലർത്തിപ്പോന്നു എന്നതുകൊണ്ടു തന്നെ അത് പാവനവും സമാദരണീയവുമാകുന്നു. അതുപേക്ഷിച്ച് പുതിയ മതം സ്വീകരിക്കുന്നത് അങ്ങേയറ്റം അപമാനകരമാണ്. അന്നും ഇന്നും ഇങ്ങനെ ചിന്തിക്കുന്നവരാണ് അധികമാളുകളും. പ്രവാചകന്റെ പിതൃവ്യൻ അബൂത്വാലിബിന് മുഹമ്മദ് (സ) പ്രബോധനം ചെയ്യുന്ന ദീൻ താൻ ആചരിക്കുന്ന ദീനിനെ അപേക്ഷിച്ച് അത്യുത്കൃഷ്ടമാണെന്ന് നന്നായിട്ടറിയാമായിരുന്നു. എന്നിട്ടും

അന്ത്യനിമിഷം വരെ പൂർവ മതത്തിൽ അദ്ദേഹം ഉറച്ചുനിന്നു. ഖുറൈശി നേതാവും ഹാശിം കുടുംബത്തിന്റെ കാരണവനുമായ തന്നെ ആളുകൾ മതംമാറിയവനായി കണക്കാക്കുന്നത് വലിയ നാണക്കേടായി അദ്ദേഹത്തിനു തോന്നി. ഇതുപോലെ വേറെയും അനേകരുണ്ടായിരുന്നു, ഇന്നും ഉണ്ട്. ചിലർ അവിടെയും നിൽക്കാതെ സത്യദീനിന്റെ ബദ്ധവൈരികളായി രംഗത്തുവരുന്നു. തങ്ങൾ ആരാധിച്ചുവരുന്ന നിരവധി ദൈവങ്ങൾ കുടിയിരിക്കുന്ന കഅ്ബാലയത്തിന്റെ പരിചാരകരും പരിസരവാസികളും എന്ന നിലയിൽ മക്കക്കാർക്ക് അറബികൾക്കിടയിൽ വലിയ പ്രതാപവും പ്രൗഢിയുമുണ്ട്. മഹമ്മദിന്റെ (സ) മതം പ്രചരിപ്പിച്ചാൽ അതെല്ലാം നഷ്ടപ്പെടും. തങ്ങൾ മറ്റു ഗോത്രങ്ങൾ പോലെ ഒരു സാദാ ഗോത്രം മാത്രമായി മാറും. മറ്റു ഗോത്രങ്ങൾ തങ്ങളെ കടന്നാക്രമിക്കാനും കൊള്ളയടിക്കാനും ധൃഷ്ടരാകും. അതുകൊണ്ട് എന്തു വിലകൊടുത്തും മഹമ്മദിനെയും അയാളുടെ പ്രസ്ഥാനത്തെയും പരാജയപ്പെടുത്തിയേ പറ്റൂ. ഈ ചിന്താഗതിക്കാരോടു പറയുകയാണ്:

നിങ്ങൾ പ്രതാപം ആഗ്രഹിക്കുന്നുവെങ്കിൽ മനസ്സിലാക്കുക; എല്ലാ പ്രതാപങ്ങളും അതിന്റെ പരമവും ആത്യന്തികവുമായ അവസ്ഥയിൽ അല്ലാഹുവിനു മാത്രമുള്ളതാകുന്നു. കേവലമായ പ്രതാപം സൃഷ്ടികൾക്ക് ഒരിക്കലുമുണ്ടാകുന്നില്ല. അവർ സർവ പ്രതാപങ്ങൾക്കും ഉടയവനായ സ്രഷ്ടാവിന്റെ സൃഷ്ടികളാകുന്നു എന്നതുതന്നെ കാരണം. സർവപ്രതാപിയായ സ്രഷ്ടാവ് കനിഞ്ഞരുളുന്ന പരിമിതമായ പ്രതാപം മാത്രമേ സൃഷ്ടികൾക്കുണ്ടാകൂ. സ്രഷ്ടാവ് പ്രതാപമരുളുന്നത് അവനെയും അവന്റെ പ്രതാപത്തെയും അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർക്കാണ്. അല്ലാഹുവിന്റെ ഏകത്വത്തിൽ വിശ്വസിക്കുകയും ദൂതനെ പിന്തുടരുകയും അല്ലാഹുവിന്റെ ശാസനകളനുസരിച്ച് ചരിക്കുകയും ചെയ്യുന്നവരാണവർ. وَلِلَّهِ ٱلْعِزَّةُ وَلِرَسُولِهِۦ وَلِلْمُؤْمِنِينَ- 'യഥാർഥ പ്രതാപം അല്ലാഹുവിനും അവന്റെ ദൂതനും സത്യവിശ്വാസികൾക്കുമാകുന്നു' (63:8). പക്ഷേ, മൂഢ ജനങ്ങൾ, അവരുടെ സങ്കൽപ ദൈവങ്ങൾ അവർക്ക് അന്തസ്സും പ്രതാപവും നൽകുന്നതായി കരുതുന്നു. وَٱتَّخَذُوا۟ مِن دُونِ ٱللَّهِ ءَالِهَةً لِّيَكُونُوا۟ لَهُمْ عِزًّا- 'അവർ അല്ലാഹുവിനെ വെടിഞ്ഞ് വേറെ ദൈവങ്ങളെ വരിച്ചിരിക്കുന്നു, അവ അവർക്ക് പ്രതാപ മാധ്യമമാകാൻ' (19:81).

إِنَّمَا ٱتَّخَذْتُم مِّن دُونِ ٱللَّهِ أَوْثَٰنًا مَّوَدَّةَ بَيْنِكُمْ فِى ٱلْحَيَوٰةِ ٱلدُّنْيَا

'നിങ്ങൾ അല്ലാഹുവിനെ വിട്ട് വിഗ്രഹങ്ങളെ ഭൗതിക ജീവിതത്തിൽ പരസ്പര മൈത്രിക്കുള്ള മാധ്യമമാക്കിയിരിക്കുകയാണ്' (29:25).

ഏകദൈവത്തെ മാറ്റിനിർത്തി വ്യാജദൈവങ്ങളെ ഐക്യത്തിന്റെയും ശക്തിയുടെയും പ്രതാപത്തിന്റെയും പ്രൗഢിയുടെയും സ്തംഭമാക്കുന്നത് എട്ടുകാലി വലകെട്ടുന്നതുപോലെ ദുർബലമാകുന്നു:

مَثَلُ ٱلَّذِينَ ٱتَّخَذُوا۟ مِن دُونِ ٱللَّهِ أَوْلِيَآءَ كَمَثَلِ ٱلْعَنكَبُوتِ ٱتَّخَذَتْ بَيْتًا وَإِنَّ أَوْهَنَ ٱلْبُيُوتِ لَبَيْتُ ٱلْعَنكَبُوتِ

'അല്ലാഹുവിനെ കൂടാതുള്ളവരെ രക്ഷകരായി വരിച്ചവർ വലകെട്ടിയ ചിലന്തിയെപ്പോലെയാകുന്നു. വീടുകളിലേറ്റം ദുർബലമാണല്ലോ ചിലന്തിവല' (29:41).

2) യഥാർഥമായ അന്തസ്സും പ്രതാപവും പ്രാപിക്കാനുള്ള ഉപാധി വിശിഷ്ടാഖ്യാനങ്ങളാകുന്നു. അതാണ് സർവപ്രതാപിയായ അല്ലാഹുവിങ്കൽ ചെന്നെത്തുന്നത്. ദീനുൽ ഇസ്‌ലാമിന്റെ മൗലിക തത്ത്വങ്ങളായ തൗഹീദും രിസാലത്തും ആഖിറത്തും (ദൈവത്തിന്റെ ഏകത്വം, പ്രവാചകത്വം, പരലോകം) ആണ് വിശിഷ്ടാഖ്യാനങ്ങൾ. വിശിഷ്ടാഖ്യാനങ്ങൾ പ്രസ്താവിച്ചതുകൊണ്ടു മാത്രം അത് അടിമയിൽനിന്ന് അല്ലാഹുവിങ്കലേക്കുയരുന്നില്ല. അതിന്റെ അനിവാര്യ താൽപര്യമായ സൽക്കർമങ്ങളുടെ അകമ്പടി വേണം. കർമമാണ് വിശ്വാസത്തെയും വചനത്തെയും ഫലപുഷ്ടമാക്കുന്നത്. കർമമില്ലാത്ത വചനം മണ്ണിൽനിന്നുയരാത്ത പാഴ്ച്ചെടി പോലെയാണ്. അല്ലാഹുവിന്റെ കോപം ക്ഷണിച്ചു വരുത്തുന്നതുമാണ്:

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لِمَ تَقُولُونَ مَا لَا تَفْعَلُونَ ﴿٢﴾ كَبُرَ مَقْتًا عِندَ ٱللَّهِ أَن تَقُولُوا۟ مَا لَا تَفْعَلُونَ ﴿٣﴾

'അല്ലയോ സത്യവിശ്വാസികളായവരേ, നിങ്ങൾ പ്രവർത്തിക്കാത്തത് പറയുന്നതെന്തിന്? പ്രവർത്തിക്കാത്തത് പറയുന്നത് അല്ലാഹുവിങ്കൽ അത്യധികം വെറുപ്പുളവാക്കുന്നതാകുന്നു' (61: 2,3).

يرفعه-ന്റെ കർത്താവ് അല്ലാഹുവും കർമം ٱلْعَمَلُ ٱلصَّٰلِحُ-ഉം ആണെന്ന് ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു. സൽക്കർമത്തെ അല്ലാഹു ഉയർത്തുന്നു എന്നാകും അപ്പോൾ ആശയം. ആദ്യം പറഞ്ഞ വ്യാഖ്യാനമാണ് കൂടുതൽ ഉചിതവും പ്രബലവുമായിട്ടുള്ളത്.

3) സ്വന്തം പ്രതാപവും പ്രൗഢിയും സംരക്ഷിക്കാൻ ദൈവിക ദീനിനെ തള്ളിക്കളയുകയും ദൈവദൂതനെ പരാജയപ്പെടുത്താൻ പലതരം നീച തന്ത്രങ്ങൾ പ്രയോഗിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവർ മനസ്സിലാക്കുക; ഇത്തരം കുചേഷ്ഠിതങ്ങൾ കൊണ്ട് പ്രതാപം സംരക്ഷിക്കാമെന്നത് വെറും വ്യാമോഹമാണ്. അതുവഴി പ്രൗഢിയും പ്രതാപവും വർധിപ്പിക്കുകയല്ല, മറിച്ച് കൊടൂരമായി ശിക്ഷിക്കപ്പെടാൻ കാരണമുണ്ടാക്കുകയാണ് നിങ്ങൾ ചെയ്യുന്നത്. ഇന്നവർ പ്രവാചകനെതിരെ ഒന്നിനു പിറകെ ഒന്നായി കുതന്ത്രങ്ങൾ നിരന്തരം പ്രയോഗിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ സ്വയം വഞ്ചിതരാവുകയും മറ്റുള്ളവരെ വഞ്ചിതരാക്കുകയും ചെയ്യുന്നു. ഗൂഢാലോചനകളും കുതന്ത്രങ്ങളും കൊണ്ട് ഈ ദീനിനെ തോൽപിക്കാനായില്ലെന്നും അത് അവർക്കു തന്നെ വലിയ ദോഷമായിത്തീർന്നുവെന്നും എല്ലാവർക്കും ബോധ്യപ്പെടുന്ന ഒരു നാൾ വരുന്നുണ്ട്. വരുന്ന 43-ാം സൂക്തത്തിൽ وَلَا يَحِيقُ ٱلْمَكْرُ ٱلسَّيِّئُ إِلَّا بِأَهْلِهِۦ - 'നീചമായ കുതന്ത്രങ്ങൾ അതു പ്രയോഗിച്ചവരെത്തന്നെ പിടികൂടുന്നു' എന്നുണർത്തുന്നുണ്ട്. അവരുടെ തന്ത്രപ്രയോഗങ്ങൾ ലാഭവും മുതലും നഷ്ടപ്പെടുന്ന കച്ചവടമാണ്. أُو۟لَٰٓئِكَ-യുടെയും يَبُورُ-ന്റെയും മധ്യേ ആഖ്യ هو (അത്) എന്ന സർവനാമം കൊണ്ട് ആവർത്തിച്ചത് يبور-ന്റെ ആശയത്തിന് ദൃഢതയും ഊന്നലും നൽകുന്നു. ●